ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകുകയാണ് വനപരിപാലനത്തിന്റെ മുഖ്യലക്ഷ്യം.

161. സ്വാഭാവിക വനത്തിന്റേയും പ്ലാന്റേഷൻ വനത്തിന്റേയും പരിപാലനത്തിനും ജൈവ വൈവിധ്യ സംരക്ഷണത്തിനും കാച്ച്മെന്റ് സംരക്ഷണ പരിപാടിക്കും ഔഷധ സസ്യപരിപാലനത്തിനും കേരള ഫോറസ്ട്രി പ്രോജക്ടിനുമായി 80 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

162. വനമേഖലകളിലെ ഇക്കോ-ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സൊസൈറ്റി രൂപീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു.

പോലീസ്

163. സംസ്ഥാനത്തെ ക്രമസമാധാനനില പൊതുവെ ശാന്തമാണ്. പോലീസ് വെടിവയ്പ് മരണമോ, ലോക്കപ്പ് മരണമോ ഈ വർഷം ഉണ്ടായിട്ടില്ല. പോലീസ് സേനക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും മെച്ചപ്പെടുത്തുകയെന്നതാണ് വകുപ്പിന്റെ മുഖ്യപ്രവർത്തനമായി കാണുന്നത്.

164. പോലീസ് വകുപ്പ് മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും നടപ്പിലുള്ളതും പുതിയതുമായ ശ്രമങ്ങൾക്കായി പ്ലാനിലും നോൺ-പ്ലാനിലുമായി 446 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വിജിലൻസ്

165. പൊതുരംഗത്തുനിന്ന് അഴിമതി തുടച്ചുനീക്കി ജനങ്ങൾക്ക് സംശുദ്ധമായ ഭരണം നൽകുക എന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. ഈ ലക്ഷ്യത്തോടെയാണ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുള്ളത്. അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്ന പൊതുപ്രവർത്തനകരും സർക്കാർ ഉദ്യോഗസ്ഥരും നടത്തുന്ന അഴിമതി കേസുകൾ കൈകാര്യം ചെയ്യുന്നതിന് അധികാരം നൽകുന്ന ഒരു നിയമ നിർമ്മാണമാണ് 1999-ലെ കേരള ലോകായുക്ത് നിയമം. ഗാസിയബാദിലെ സി.ബി.ഐ. അക്കാദമിയിൽ വിജിലൻസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് അടുത്തവർഷം പ്രത്യേകം ഊന്നൽ നൽകുന്നതാണ്. ഈ വകുപ്പിന് മൊത്തം 13.55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പൊതുക്ഷേമം

166. സമൂഹത്തിലെ ദുർബല വിഭാഗത്തിൽപെട്ടതും ഇതുവരെ സാമൂഹ്യസുരക്ഷാ പദ്ധതികളിലൊന്നും കൊണ്ടുവരപ്പെടാത്തതുമായ 50 വയസ്സിന് മേലെയുള്ള അവിവാഹിതരായ സ്ത്രീകൾക്ക് ഒരു പെൻഷൻ പദ്ധതി പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഈ സ്ത്രീകൾക്ക് ഇന്ന് നിലവിലുള്ള വിധവാ പെൻഷൻ നിരക്കിൽ പെൻഷൻ അനുവദിക്കുന്നതാണ്. ഇതുമൂലം 10 കോടി രൂപ അധിക സാമ്പത്തികബാദ്ധ്യതയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

167. അഗതി പെൻഷൻ പ്രതിമാസം പത്തു രൂപാവീതം വർദ്ധിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിന് 2.5 കോടി രൂപയുടെ അധികബാദ്ധ്യത ഉണ്ടാകുന്നതാണ്.

168. തൊഴിലില്ലായ്മ വേതനവും പ്രതിമാസം ഇരുപത് രൂപാവീതം വർദ്ധിപ്പിക്കുന്നതാണ്. ഇതുമൂലം 6 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടാകുമെന്ന് കണക്കു കൂട്ടുന്നു.

169. പെൻഷൻകാർക്ക് പുതുക്കിയ മെഡിക്കൽ സ്കീം അടുത്ത വർഷം നടപ്പിൽ വരുത്തുന്നതാണ്. പെൻഷൻകാർക്ക് ഒരു കോൺട്രിബ്യൂട്ടറി വെൽഫയർ സ്കീം വരുന്ന വർഷം നടപ്പിൽ വരുത്തുമെന്ന് പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

170. സംസ്ഥാനത്ത് സാമൂഹത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന അമ്പതിനായിരത്തോളം അംഗൻവാടി വർക്കേഴ്സും ഹെൽപ്പേഴ്സുണ്ട്. അവരുടെ ഓണറേറിയത്തിൽ 100 രൂപയുടെ വർദ്ധനവ് വരുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഫലമായി 5 കോടി രൂപയുടെ അധികബാദ്ധ്യത വരുന്നതാണ്.

171. സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ പണി നടന്നുകൊണ്ടിരിക്കുന്ന ഗവൺമെന്റ് പ്രസ്സ് കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുന്നതിന് 25 ലക്ഷം രൂപ ഞാൻ അധികമായി നീക്കിവയ്ക്കുന്നു.

172. വക്കീൽ ഗുമസ്ഥന്മാരുടെ ക്ഷേമപദ്ധതി പരിശോധിച്ച് വർദ്ധിപ്പിച്ച് സഹായം നല്കുന്ന കാര്യത്തിൽ യാഥാർത്ഥ്യബോധത്തോടെ തീരുമാനമെടുക്കുന്നതാണ്.

173. കണ്ണൂർ പ്രസ്സ് ക്ലബ് അവരുടെ ഓഫീസ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും ഒരു നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തുന്നു. കോഴിക്കോട് പ്രസ്സ് ക്ലബ്ബിന്റെ വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി 5 ലക്ഷം രൂപ കൂടി ഞാൻ ഉൾക്കൊള്ളിക്കുന്നു. റിട്ടയർ ചെയ്ത പത്രപ്രവർത്തകരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതാണ്.

174. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് വിജയിച്ചിട്ടുള്ള കാര്യം വിശദീകരിക്കുമ്പോഴും സമൂഹത്തിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മക്കെതിരെ പോരാട്ടം നടത്തേണ്ടതാണെന്ന നമ്മുടെ നയം ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ ലഭിക്കുന്ന അപേക്ഷകൾ പെട്ടെന്ന് തീർപ്പാക്കി ഒഴിവുകൾ നികത്തുവാൻ കഴിയുക എന്നത് പ്രധാന ലക്ഷ്യമാണ്. പി.എസ്.സി.യുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി 50 ലക്ഷം രൂപ ഞാൻ പ്രഖ്യാപിക്കുന്നു.

175. ഹൗസിംഗ്ബോർഡ് വഴി പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾക്ക് ക്വാർട്ടേഴ്സ് ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ അടുത്ത വർഷം രൂപം നൽകുന്നതാണ്.

176. തുടക്കത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ നമ്മുടെ സംസ്ഥാനത്ത് കൈവരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിഞ്ഞ അസൂയാവഹമായ സാമ്പത്തിക വളർച്ച നേടിയെടുക്കുന്നതിൽ അഞ്ചേകാൽ ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാരുടെ പങ്കിനെ സർക്കാർ നന്ദിപൂർവ്വം അംഗീകരിക്കുന്നു. ജീവനക്കാർക്ക് കുടിശ്ശിക ആയിട്ടുള്ള ക്ഷാമബത്ത ഗഡുക്കൾ കടുത്ത സാമ്പത്തിക പ്രയാസങ്ങൾ കാരണം അനുവദിക്കാൻ കഴിഞ്ഞില്ല എന്ന കാര്യത്തിൽ ഞാൻ തികച്ചും ബോധവാനാണ്. സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടെങ്കിൽ തന്നെയും ജീവനക്കാർക്ക് പത്ത് ശതമാനം ക്ഷാമബത്ത ജൂൺ മാസത്തെ ശമ്പളത്തിൽ അനുവദിക്കുമെന്നു പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്.

നികുതി നിർദ്ദേശങ്ങൾ

177. 1..1..2000 മുതൽ വിൽപന നികുതിക്ക് തറ നിരക്കുകൾ ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്കുകളിൽ ചില ക്രമപ്പെടുത്തലുകൾ വേണ്ടിവന്നു. എന്നാൽ പൊതുവായി അംഗീകരിക്കപ്പെട്ട തറ നിരക്കുകളിൽനിന്നു വ്യതിചലിച്ചുകൊണ്ട് ചില സംസ്ഥാനങ്ങൾ തറ നിരക്കിനേക്കാൾ താഴ്ത്തി നികുതി നിരക്കുകൾ നിശ്ചയിച്ചു. കേന്ദ്ര ഭരണ പ്രദേശമായ പോണ്ടിച്ചേരിയാകട്ടെ, തറനിരക്കുകൾ നടപ്പാക്കുന്നതിനു പോലും തയ്യാറായില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഏതാനും ചരക്കുകളുടെ നികുതി നിരക്കുകളിൽ മാറ്റം വരുത്തുകയുണ്ടായി.

178. കുരുമുളക്, ഏലം, അടയ്ക്ക എന്നിവയുടെ നികുതി എട്ടു ശതമാനത്തിൽനിന്നും നാലു ശതമാനമായി കുറച്ചു. കൈത്തറി നെയ്ത്തിനുപയോഗിക്കുന്ന കഴിനൂലിന്റെ നികുതി നാലു ശതമാനത്തിൽനിന്നും ഒരു ശതമാനമായും പരുത്തി നൂലിന്റെ നികുതി രണ്ടു ശതമാനമായും കുറച്ചു. കൈകൊണ്ട് നിർമ്മിക്കുന്ന സോപ്പിന്റെ നികുതി എട്ടിൽനിന്ന് നാലു ശതമാനമായും ന്യൂസ് പ്രിന്റിന്റെയും കടലാസിന്റെയും നികുതി എട്ടിൽനിന്ന് യഥാക്രമം രണ്ടും നാലും ശതമാനമായും കുറച്ചു. ഇതിനുപുറമെ ബ്രാൻഡ് ചെയ്ത ഉപ്പ്, റൊട്ടി, ബൺ എന്നിവയുടെയും കാർഷികോപകരണങ്ങളുടെയും നികുതി പൂർണ്ണമായി ഒഴിവാക്കുകയും ചെയ്തു. രണ്ടു എച്ച്.പി. വരെയുള്ള പമ്പു സെറ്റുകൾക്ക് പന്ത്രണ്ട് ശതമാനത്തിൽ നിന്നും നാലു ശതമാനമായും അതിനു മുകളിലുള്ളവയ്ക്ക് എട്ട് ശതമാനമായും കുറച്ചു. കരിമ്പിന്റെ വാങ്ങൽ നികുതി എട്ടു ശതമാനത്തിൽ നിന്നും നാലു ശതമാനമായി കുറച്ചു. ട്രേഡ് ആന്റ് മർക്കന്റൈൽസ്മാർക്ക് ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത ബ്രാൻഡ് നാമത്തിൽ വിൽക്കപ്പെടുന്ന കാപ്പിപ്പൊടി നിർമ്മിക്കുന്നതിനുപയോഗിച്ച കാപ്പിക്കുരുവിന്മേലുള്ള നികുതിയ്ക്കും, തീപ്പെട്ടി, പായ്ക്കിംഗ് കേയ്സുകൾ, പ്ലൈവുഡ്, സ്പ്ലിന്റ്സ് ആൻഡ് വീനേഴ്സ്, ചായപ്പെട്ടി മുതലായവ നിർമ്മിക്കാനുപയോഗിക്കുന്ന വെള്ളമരത്തിന്റേയും (soft wood) ഇഷ്ടികയും ഓടും നിർമ്മിക്കുന്നതിനു വാങ്ങുന്ന കളിമണ്ണിന്റേയും വിറകിന്റേയും മേലുള്ള വാങ്ങൽ നികുതിയേയും ഉൽപന്നത്തിന്റെ നികുതി

LIBRARY ARCHIVES Kerala Legislative Assembly

165. It is the declared policy of the State Government to combat corruption in public services and to assure a clean system of governance for its people. The activities of the Vigilance Department have been geared up for this end. The Kerala Lok Ayukta Act 1999 is a comprehensive piece of legislation armed with powers to deal with corruption among all public servants and public men in positions of authority. There will be a special focus next year on training Vigilance Officers in the CBI Academy at Ghaziabad. The total allocation for the department is Rs. 13.55 cr.

General Welfare

166. I am very happy to announce a new scheme for unmarried women over fifty years – a vulnerable section of our society, which has hitherto not been brought under any of our social security measures. These women will be given a Pension on the same scale as the Widow Pension Scheme now in vogue. I expect an additional annual financial commitment of Rs. 10 cr. for this.

167. I also intend to increase the destitute pension by Rs. 10 per month. There will be an additional expenditure of Rs. 2.5 cr. on this.

168. I also propose to hike the unemployment assistance by Rs. 20 per month. The estimated additional expenditure for this will be Rs. 6 cr. per year.

169. A revised Pensioners Medical Scheme will be operationalised next year. I am also happy to declare that Government intends to introduce a Contributory Welfare Scheme for Pensioners in the coming year.

170. There are nearly 50,000 Anganwadi Workers and Helpers playing a crucial social role in our State. I intend to raise their honorarium by Rs. 100. The financial commitment on account of this will be Rs. 5 cr.

171. I am also providing an additional Rs. 25 lakhs for completing the construction of the Government Press Buildings at various locations in the State.

172. I also intend to look into the Welfare Scheme for Advocate's Clerks and enhance the assistance under the scheme realistically.

173. The Press Club, Kannur has submitted a proposal for the computerisation of their office and for setting up Internet facilities. I am providing Rs. 10 lakhs for this purpose. I also intend to provide Rs. 5 lakh for the various projects undertaken by the Press Club, Calicut. The contribution to the Pension Scheme for retired journalists will be increased.

174. I had, while explaining the success that this Government had in tackling unemployment, reiterated our resolve to fight unemployment in our society. The speedy disposal of applications by the Public Service Commission to fill up vacancies is vital to this objective. For the computerisation of the PSC, I am announcing a sum of Rs. 50 lakhs.

LIBRARY ARCHIVES Kerala Legislative Assembly

175. Government will during the course of the year give shape to a Scheme for providing Housing Quarters for Members of the Public Service Commission through the Housing Board.

176. At the outset, I had outlined the excellent record to growth that the State has been able to realise in the last few years. Government gratefully acknowledges the contribution of the nearly five and a quarter lakh employees in making this possible. I am deeply conscious of the fact, that hard fiscal reality has not allowed us to pay the D.A. arrears to our employees. These difficulties not withstanding, I am happy to announce the payment of 10% of D.A. with the salary for the month of June.

REVENUE PROPOSALS

177. Due to introduction of uniform floor rate with effect from 1-1-2000 certain adjustment in the rate of structure became necessary. But some of the startes have deviated from the agreed floor rates and fixed rates of tax of certain items below the floor rates. Union Territory of Pondicherry has not even cared to implement the floor rates. In the circumstances we have also reduced rate of tax of certain items.

178. Rate of tax on pepper. cardamom and Arecanut were reduced to four percent from eight percent. The rate of tax on hand yarn, which is used for weaving handloom cloths, was reduced to one percent from four percent. The rate or tax on cotton yarn was reduced to two percent. Rate of tax on hand made soap was reduce to four percent from eight percent. The rates of tax on newsprint and paper were reduced to two percent and four percent respectively from eight percent. Besides this, branded bread and bun, iodised salt and agricultural implements were completely exempted from Tax. Rate of tax on pump sets up to 2 HP was reduced to four percent and above 2 HP to eight percent from twelve percent and that on rubber rollers and purchase tax of sugar cane was reduced from eight percent to four percent. Further, reduction in respect of the tax paid on the purchase of coffee beans and seeds used in the manufacture of coffee powder sold under brand name which is not registered under the Trade and Merchandise marks Act, softwood purchased for the manufacture of matches, packing cases, plywoods, splints and veneers, tea chests and on clay and firewood used in the manufacture of bricks and tiles (Kiln burnt) from the tax payable on the product was also allowed. These changes in rates were given effect from 1st January 2000 itself.

179. Now, I propose to reduce the rate of tax of certain commodities.

180. Tax rate of agricultural produces such as turmeric, nutmeg, clove and kacholam will be reduced to four percent from eight percent. An estimated loss or revenue of Rs. 1 cr. is anticipated.

181. While fixing floor rates as in the case of other commodities, the tax rate of rubber was also fixed at the nearest lab after taking into account of surcharge also. Due to this there was in an increase of one percent in

LIBRARY ARCHIVES Kerala Legislative Assembly